## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.*410 — 14/11/2019 ൽ മറുപടിക്ക്

## റവന്യൂ വകുപ്പിന്റെ ആധുനികീകരണം

**ചോദ്യം**

**ശ്രീ.യു. ആർ. പ്രദീപ്**
**,, കെ.വി.വിജയദാസ്**
**ശ്രീമതി. യു. പ്രതിഭ**
**ശ്രീ.കെ.യു. ജനീഷ് കമാർ**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | വിവരവിനിമയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി റവന്യൂ വകുപ്പിന്റെ ആധുനികീകരണത്തിന് ചെയ്തുവരുന്ന പ്രവൃത്തികളെക്കുറിച്ച് അറിയിക്കാമോ; | (എ) | വിവരവിനിമയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി റവന്യൂ വകുപ്പിന്റെ ആധുനികീകരണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. ഇ-ഡിസ്ട്രിക്ട്<br>2. ആർ.ആർ. ഓൺലൈൻ<br>3. സംയോജിത ഓൺലൈൻ പോക്കുവരവ്<br>4. ReLIS (റവന്യൂ ലാൻഡ് ഇൻഫർമേഷൻ മിഷൻ)<br>5. ഇ-പെയ്മെന്റ്<br>6. ഇ-ഓഫീസ്<br>7. ഇ-പോസ് മെഷീൻ |
| (ബി) | ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ പരിപാടിയുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ; | (ബി) | സർവ്വേ വകുപ്പിലും റവന്യൂ വകുപ്പിലുമായി നടക്കുന്ന കേരള ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി കേരള ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ പരിപാടിയുടെ ഭാഗമായി നിലവിൽ ടി വകുപ്പുകളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | **<u>സർവ്വേയും ഭൂരേഖയും വകുപ്പ്</u>**<br>ലാന്റ് റിക്കാർഡ്സ് മോഡണൈസേഷന്റെ ഭാഗമായി നിലവിൽ ആധുനിക സർവ്വെ ഉപകരണങ്ങളായ GPS(Global Positioning System,), ETS (Electronics Total Station) എന്നിവ ഉപയോഗിച്ച് ഡിജിറ്റൽ ലാൻഡ് റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടികളാണ് സർവ്വെ വകുപ്പിൽ സ്വീകരിച്ച് വരുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന റിക്കാർഡുകൾ BHUNAKSHA എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് ഓൺലൈൻ മുഖേന സർവ്വീസ് നൽകുന്നതിനായി NIC യുമായി ചർച്ചകൾ നടത്തിവരുന്നു. കൂടാതെ ആധുനിക സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Stations) നെറ്റ് വർക്ക് സ്ഥാപിച്ച് സർവ്വെ നടപടികൾ ത്വരിതപ്പെടുത്താനും, വകുപ്പിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേക്കായി വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ച് വരുന്നു.<br>**<u>റവന്യൂ വകുപ്പ്</u>**<br>സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും അടിസ്ഥാന രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനാണ് റവന്യൂ വകുപ്പ് ലക്ഷ്യമിടുന്നത്. നിലവിൽ 1649 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (ബി.റ്റി.ആർ) ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 15 വില്ലേജുകളിലെ ബി.റ്റി.ആർ ഡിജിറ്റൈസേഷൻ നടപടികൾ നടന്നുവരുന്നു. എന്നിരുന്നാലും വില്ലേജ് ഓഫീസുകളിലെ പ്രധാനപ്പെട്ട രേഖകളായ ബി.റ്റി.ആർ, തണ്ടപ്പേർ, എഫ്.എം.ബി എന്നിവയും ചിത്രരൂപത്തിൽ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കേണ്ടത് വളരെ അത്യാവശ്യമാകയാൽ ഇ-ടെണ്ടർ മുഖേനെ M/s സ്മാർട്ട് ഐ.റ്റി സൊല്യൂഷൻസ്, കൽക്കട്ട എന്ന ഏജൻസിയെ |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുക്കുകയും പ്രസ്തുത ഏജൻസി സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലേയും പ്രസ്തുത രേഖകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി വകുപ്പിന് കൈമാറുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രവർത്തി 6 മാസത്തിനുള്ളിൽ പൂർത്തീകരിച്ച് ടി വിവരങ്ങൾ ReLIS എന്ന സോഫ്റ്റ് വെയറുമായി ബന്ധപ്പെടുത്തി ഓൺലൈൻ മുഖേനെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | റീസർവേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും റീസർവേ സംബന്ധിച്ച പരാതി പരിഹരിക്കുന്നതിനും പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കാമോ; | (സി) | സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും നിലവിൽ 30 വില്ലേജുകളുടെ റീസർവെ പ്രവർത്തനങ്ങൾ നടന്ന് വരുന്നതുമാണ്.<br><br>കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് ഡിജിറ്റൽ സർവെ നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി 10/05/2018 ലെ സ.ഉ(എം.എസ്) 181/2018/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ ലാൻഡ് സർവെ നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി പരീക്ഷണ സർവെ നടത്തി നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ വകുപ്പ് പുനസംഘടിപ്പിച്ചും, ആധുനിക സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Stations) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിച്ചും സർവെ നടപടികൾ ത്വരിതപ്പെടുത്താനുള്ള പദ്ധതികളും ആവിഷ്കരിച്ച് വരുന്നു.<br><br>സർക്കാരിന്റെ 26-08-2017 ലെ 303/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റീസർവെ സംബന്ധിച്ച പരാതി പരിഹരിക്കുന്നത് ഉൾപ്പെടെ ഭൂരേഖാ |

| | | | |
|---|---|---|---|
| | | | പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം) അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായി, വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുള്ളതും, ടി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസീൽദാറുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ച് വരുന്നതുമാണ്. ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേക്കായി താലൂക്കിൽ ലഭ്യമായ സർവെ ജീവനക്കാർ അപര്യാപ്തമായതിനാൽ കൂടുതൽ സർവെ ജീവനക്കാരെ റീസർവെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നൽകിവരുന്നു. |
| (ഡി) | മോഡേൺ റിക്കാർഡ് റൂമുകൾ രൂപീകരിക്കുന്ന പദ്ധതിയെക്കുറിച്ച് വ്യക്തമാക്കുമോ? | (ഡി) | വിവിധ റവന്യൂ രേഖകൾ കാലപ്പഴക്കം നിമിത്തം കേടുപാടു സംഭവിക്കാതിരിക്കുന്നതിനും നഷ്ടപ്പെടാതിരിക്കുന്നതിനും അനുയോജ്യമായ രീതിയിൽ അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മുൻ നിർത്തി നടപ്പിലാക്കുന്ന പദ്ധതിയാണ് മോഡേൺ റിക്കാർഡ് റൂം. സംസ്ഥാനത്തെ 9 ജില്ലകളിൽ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. ബാക്കി ജില്ലകളായ കാസർഗോഡ്, ഇടുക്കി, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ